# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 945 — 11.06.2014 ലെ മറുപടിക്ക്

### സ്പൈസസ് റൂട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വകുപ്പ് സ്പൈസസ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) സ്പൈസസ് റൂട്ട് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. രൂപരേഖ തയ്യാറായിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>സി) വിനോദ സഞ്ചാര വികസനത്തിന് പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ; | ബി യും സി യും പുരാതനകാലത്ത് വ്യാപാര ബന്ധം പുലർത്തിയിരുന്ന യൂറോപ്പ്, അറേബ്യൻ നാടുകൾ, കിഴക്കൻ ഏഷ്യ, ചൈന തുടങ്ങിയ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണ പദ്ധതിയിലൂടെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക എന്നിവ സ്പൈസസ് റൂട്ട് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിവിധ ഭൂഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി കേരള ടൂറിസം മാർക്കറ്റിംഗിനുള്ള നൂതന വിപണന തന്ത്രം കൂടിയാണ്. |
| ഡി) പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ? | ഡി) ലോക വിനോദ സഞ്ചാര സംഘടന (UNWTO), യുനെസ്കോ (UNESCO) എന്നീ സംഘടനകളാണ് പിന്തുണ നൽകുന്നത്. വിശദാംശങ്ങൾ രൂപപ്പെടുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ